അറിയിപ്പ്

മി. സ്പീക്കർ: നേരത്തെ അറിയിപ്പ് നടത്തിയ കാര്യമാണിത്. മഹാകവി കുമാരനാശാന്റെ പ്രജാസഭാ പ്രവേശനത്തിന്റെ അഷ്ടോത്തര ശതാബ്ദിയും ചരമവാർഷികവും ഒത്തുചേരുന്ന വേളയിൽ കേരള നിയമസഭയുടെ സി.പി.എസ്.ടി.-യുടെയും കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മഹാകവിയുടെ സ്മരണാർത്ഥമുള്ള ചടങ്ങ് ഇന്ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്നു. ആശാൻ സാഹിത്യത്തിൽ ആഴത്തിൽ പഠനം നടത്തിയിട്ടുള്ള പ്രൊഫ. എം. കെ. സാനുവിനെ ആദരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രഭാഷണവുമുണ്ട്. തുടർന്ന് നിയമസഭാ സെക്രട്ടേറിയറ്റ് തയ്യാറാക്കിയ റഫറൻസ് ഗ്രന്ഥങ്ങളുടെ പ്രകാശനം നിർവ്വഹിക്കും. മറ്റൊന്ന്, ഡോ. സുമിതാ നായരും സംഘവും തയ്യാറാക്കിയിട്ടുള്ള 'ചിന്താവിഷ്ടയായ സീത' മോഹിനിയാട്ടത്തിന്റെ നൃത്താവിഷ്കാരമുണ്ട്. ആശാൻ കവിതകളുടെ സംഗീതാവിഷ്കാരം 'കാവ്യഗീതി' പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. മാധ്യമ അവാർഡ് വിതരണവും ഉണ്ടായിരിക്കുന്നതാണ്.

മുഴുവൻ സാമാജികരെയും അതിൽ പങ്കെടുക്കാൻ ക്ഷണിക്കുകയാണ്. പരിപാടിയുടെ ഭാഗമായി അത്താഴവിരുന്നും ഒരുക്കിയിട്ടുണ്ട്.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജനുവരി മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.40-ന് പിരിഞ്ഞു.)

*******